# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 608 30/6/2016 -ൽ മറുപടിക്ക്

## പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ. മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമായതിനാൽ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) കല്യാശ്ശേരി മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ ഉൾപ്പെട്ട പട്ടുവത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് 1390.37 ലക്ഷം രൂപയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് നബാർഡ് ആർ.ഐ.ഡി.എഫ് XXI-ൽ സാമ്പത്തിക സഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) കുടിവെള്ളക്ഷാമംരൂക്ഷമായ ചെറുതാഴം, കുഞ്ഞിമംഗലം പഞ്ചായത്തുകളിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) കുഞ്ഞിമംഗലം-ചെറുതാഴം പഞ്ചായത്തുകൾക്കായി ജിക്ക പദ്ധതിയുടെ ചേനയന്നൂരിലുള്ള ഗ്രാവിറ്റി മെയിൻ സ്രോതസ്സായി ഒരു കുടിവെള്ള പദ്ധതിക്കുള്ള വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് 2014-ലെ എസ്.എൽ.എസ്.എസ്.സി(സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി)യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പരിഗണിച്ചിരുന്നില്ല. മേൽ പദ്ധതിയുടെ വിതരണ ശൃംഖല ഒഴികെയുള്ള ഫേസ്-1 പദ്ധതിക്കാണ് ഡി.ഇ.ആർ ( ഡീറ്റയിൽഡ് എൻജിനീയറിംഗ് റിപ്പോർട്ട്) സമർപ്പിച്ചിരുന്നത്. പ്രസ്തുത എസ്റ്റിമേറ്റ് പുതുക്കിയ ഡി.എസ്.ആർ (ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് ) പ്രകാരം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/